2. മേൽപ്രകാരം നടപടികളുടെ പ്രായോഗികത സംബന്ധിച്ച് റിപ്പോർട്ട് കിട്ടിയതിനുശേഷം വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ വൈദ്യുതി ബോർഡ് അധികൃതരുമായി ചർച്ച നടത്തേണ്ടതാണ്.

3. ഇലങ്കൽ പദ്ധതി കമ്പനിയുടെ സ്വന്തം ഫണ്ട് ഉപയോഗിച്ച് രണ്ട് മാസത്തിനകം പൂർത്തീകരിക്കണം. തൊഴിലാളികളെ സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിനു മുൻപ് പരിഹരിക്കേണ്ടതാണ്. അത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. സർക്കാർ ഫാക്ടറി ഏറ്റെടുക്കണമെന്ന ആവശ്യം ഇന്നത്തെ സാമ്പത്തിക പരിതസ്ഥിതിയിൽ പരിഗണിക്കുവാൻ നിർവാഹമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട എ കണാരൻ.....

(34) അംഗൻവാടി സൂപ്പർവൈസർമാരുടെ നിയമനം

ശ്രീ. എ. കണാരൻ : സർ, 1975-ലാണ് ഈ സംസ്ഥാനത്ത് ശിശുപ്രവർത്തനങ്ങൾക്കായി അംഗൻവാടികൾ ആരംഭിച്ചത്. ആകെ 24,886 അംഗൻവാടി സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇത്രയും എണ്ണത്തിനു അനുമതി നൽകിയിട്ടുണ്ടെങ്കിലും 20,034 എണ്ണത്തിന്റെ പ്രവർത്തനമാണ് ആരംഭിച്ചിട്ടുള്ളത്. 25,000 അംഗൻവാടി സൂപ്പർവൈസർമാരെ തെരഞ്ഞെടുക്കുന്നതിന് 1993-ലെ പി.എസ്.സി. വിജ്ഞാപനപ്രകാരം എഴുത്തുപരീക്ഷ നടത്തി യോഗ്യരായ 997 പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് ഒന്നരവർഷം കഴിഞ്ഞെങ്കിലും വളരെ കുറച്ചുപേരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. 1993 മുതൽ തുടങ്ങിയ പി.എസ്.സി.യുടെ നടപടിക്രമപ്രക്രിയ റാങ്ക് ലിസ്റ്റിൽ എത്തിയതിനുതന്നെ ആറുവർഷത്തോളം വേണ്ടിവന്നു. ഇപ്പോൾ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭിക്കുന്നില്ല എന്നതാണ് അവസ്ഥ. 15 അംഗൻവാടിക്ക് ഒരു സൂപ്പർവൈസർ എന്ന ക്രമത്തിൽ നിശ്ചയിക്കപ്പെട്ടാൽ റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകുവാൻ കഴിയും. ജോലിക്കുവേണ്ടി കാത്തിരിക്കുന്നവരിൽ പലരും പ്രായാധിക്യംകൊണ്ട് ഇനിയൊരു പി.എസ്.സി. പരീക്ഷ എഴുതുവാൻ കഴിയാത്തവരാണ്. നല്ലൊരു വിഭാഗം സ്ത്രീകൾ ഇക്കാരണത്താൽ വിഷമത അനുഭവിക്കുകയാണ്. ഇരുപതും ഇരുപത്തിയഞ്ചും വർഷമായി തുച്ഛമായ വരുമാനത്തിന് അംഗൻവാടികളിൽ ജോലിചെയ്യുന്നവരെ സഹായിക്കുവാൻ നടപടി സ്വീകരിക്കണം. ഈ വസ്തുത കണക്കിലെടുത്ത് പി. എസ്.സി. റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും അംഗൻവാടി സൂപ്പർവൈസറായി നിയമനം നൽകുന്നതിന് അടിയന്തിരമായി തീരുമാനം കൈക്കൊള്ളണമെന്നും സ്ത്രീ സമൂഹത്തോട് മാന്യത പുലർത്തണമെന്നും ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, സംയോജിത ശിശുവികസന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഐ.സി.ഡി.എസ്. മാന്വലിൽ വ്യവസ്ഥ ചെയ്ത പ്രകാരം മാത്രമേ ജീവനക്കാരെ നിയമിക്കുവാൻ കഴിയും. റൂറൽ ഏരിയകളിൽ 20 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസറും അർബൻ ഏരിയകളിൽ 25 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസറും എന്ന കണക്കിലാണ് ഐ.സി.ഡി.എസ്. മാനുവലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ആവശ്യപ്പെട്ട 15 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസർ എന്നുള്ള തരത്തിൽ മാറ്റം വരുത്താൻ നിർവാഹമില്ല. ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാവുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട തമ്പാനൂർ രവി.....

(35) നെയ്യാർഡാമിലെ ചീങ്കണ്ണി ആക്രമണംമൂലം പരിസരവാസികൾ നേരിടുന്ന അപകട ഭീഷണി

ശ്രീ. തമ്പാനൂർ രവി : സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽപെട്ട അമ്പൂരി പഞ്ചായത്തിലേയും വെള്ളറട പഞ്ചായത്തിലേയും പ്രശ്നമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. ശാസ്ത്രം എത്ര പുരോഗമിച്ചാലും പട്ടാപ്പകൽ പട്ടാളവും പോലീസും മറ്റുള്ളവരുമൊക്കെ നോക്കിനിൽക്കെ ഒരു വീട്ടമ്മയെ രണ്ടുമണിക്ക് ചീങ്കണ്ണി കടിച്ചുകൊന്നു. മാത്രമല്ല, അറുപതോളം ആളുകൾക്ക് കൈകാലുകൾ നഷ്ടമായി. ആടുമാടുകൾ നഷ്ടമായവരുണ്ട്. ഇങ്ങനെ പട്ടിക നീണ്ടുപോവുകയാണ്. ആക്രമണത്തിൽ മരിക്കുന്നവരുടെ ആശ്രിതർക്കും കൈകാലുകൾ നഷ്ടപ്പെടുന്നവർക്കും ലഭിക്കുന്ന നഷ്ടപരിഹാരത്തുക വളരെ കുറവാണ്. എന്തെങ്കിലും നടപടി സ്വീകരിച്ച് നെയ്യാർ റിസർവോയറിലുള്ള ചീങ്കണ്ണികളെ അവിടെ നിന്നും മാറ്റിയില്ലെങ്കിൽ വലിയ ചോദ്യത്തിനു നാം മറുപടി പറയേണ്ടിവരും. മനുഷ്യജീവനാണോ ചീങ്കണ്ണിക്കാണോ വില ? ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ആ കോൺഫറൻസ് അല്ലാതെ മറ്റ് കാര്യങ്ങളൊന്നും ഒട്ടും പുരോഗമിച്ചില്ല. രണ്ട് കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം. ഈ പ്രശ്നം ശാസ്ത്രീയമായി പരിഹരിക്കണം. എങ്ങനെയെങ്കിലും ചീങ്കണ്ണികളെ റിസർവോയറിൽ നിന്നും പിടിച്ച് ഏതെങ്കിലും സാങ്ച്വറിയിൽ കൊണ്ടിടണം. വേണമെങ്കിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് വൈൽഡ് ലൈഫ് ആക്ടിൽ മാറ്റം വരുത്തണം. ചീങ്കണ്ണികൾ മുറിവേൽപ്പിക്കുന്നവർക്ക് കാര്യമായ നഷ്ടപരിഹാരം കൊടുക്കണം. ആ പ്രദേശത്തെ ആളുകൾക്ക് കുളിക്കുവാനും വസ്ത്രം കഴുകുവാനും പാത്രം കഴുകുവാനുമുള്ള ഏക ഒരു ജലാശയം ഇതുമാത്രമാണ്. ആളുകളെ കൊല്ലാൻ പറ്റുമോ? ആയിരക്കണക്കിന് കുടുംബങ്ങളാണ് അവിടെയുള്ളത്. മനുഷ്യരെ വളരെയധികം ബാധിച്ചിരിക്കുന്ന ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly